**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2728** **12-07-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം സമഗ്രമായി പുനഃസംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനാവശ്യമായ പ്രവർത്തന മൂലധനം ലഭ്യമാക്കി ശക്തിപ്പെടുത്തുമോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>സഹകരണ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള, പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ സമഗ്ര പുനരുദ്ധാരണത്തിനായി പുനർജ്ജനി പദ്ധതി 2022 - 23 വർഷത്തിൽ ആരംഭിച്ചിട്ടുണ്ട്. പട്ടികജാതി - പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ സ്വയം പര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിന് ടി പദ്ധതിയിലൂടെ നടപ്പിലാക്കുന്ന പ്രോജക്ടുകൾക്ക് 85% തുക (സബ്സിഡി - 50%, ഓഹരി - 35%) ധനസഹായമായി അനുവദിക്കുന്നതാണ്. ആയത് പ്രകാരം 14 സംഘങ്ങൾക്ക് 2,73,74,849/- രൂപ (2 കോടി എഴുപത്തിമൂന്ന് ലക്ഷത്തി എഴുപത്തി നാലായിരത്തി എണ്ണൂറ്റി നാൽപത്തിഒൻപത് രൂപ മാത്രം) ധനസഹായം അനുവദിക്കുന്നതിനുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | നിലവിലുള്ള പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് കേരള ബാങ്കിൽ ബാധ്യതകളുണ്ടോ; എങ്കിൽ പ്രസ്തുത ബാധ്യതകൾ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | കേരള ബാങ്കിൽ ബാദ്ധ്യതകളുള്ള പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുണ്ട്. ഇത്തരത്തിലുള്ള ബാദ്ധ്യതകൾ കണക്കാക്കപ്പെട്ടിട്ടില്ല. ഇപ്രകാരമുള്ള ബാധ്യതകൾ തീർപ്പാക്കുന്നതിനുള്ള നടപടികളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | പ്രസ്തുത സഹകരണ സംഘങ്ങളോടനുബന്ധിച്ചുള്ള നിർജ്ജീവ അവസ്ഥയിലായ തൊഴിൽ സംരംഭങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിന് സാമ്പത്തിക പാക്കേജ് നടപ്പിലാക്കുമോ; വിശദമാക്കാമോ; | (സി) | സഹകരണ വകുപ്പിന്റെ പദ്ധതിയിൽ പുനരുദ്ധാരണത്തിനുള്ള സ്കീമുകൾ നിലവിലുണ്ട്. ഈ സ്കീമുകളിലെ ധനസഹായം ലഭ്യമാക്കി നിർജ്ജീവ അവസ്ഥയിലായ തൊഴിൽ സംരംഭങ്ങൾ പുനരുജ്ജീവിപ്പിക്കാവുന്നതാണ്. |
| (ഡി) | പട്ടിക ജാതി, പട്ടിക വർഗ്ഗ സംരംഭകർക്ക് വേണ്ടിയുള്ള സ്റ്റാർട്ടപ്പുകൾ പട്ടികജാതി-പട്ടികവർഗ്ഗ | (ഡി) | സർക്കാരിന്റെ രണ്ടാം 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി സംസ്ഥാന സഹകരണ വകുപ്പിന് കീഴിൽ |

| | | | |
|---|---|---|---|
| | സഹകരണ സംഘങ്ങൾ വഴി നടപ്പിലാക്കുമോ; വിശദമാക്കുമോ? | | എല്ലാ ജില്ലകളിലും ഒന്നു വീതം പട്ടികജാതി പട്ടികവർഗ്ഗ യുവ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സംഘങ്ങളുടെ സംരംഭകത്വത്തിലാണ് സ്റ്റാർട്ടപ്പുകൾ നടപ്പാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ